**Lalith Babu**

# Kerala Board of Revenue

**Kerala Board of Revenue Act,1957** എന്ന നിയമത്തിന്റെ അടിസ്ഥാനത്തിലായിരുന്നു കേരളത്തിൽ ബോർഡ് ഓഫ് റവന്യൂ സ്ഥാപിതമായത്. സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി സംബന്ധിച്ച് നടപടികൾ സ്വീകരിക്കുക എന്നതായിരുന്നു ബോർഡിന്റെ പ്രധാന കർത്തവ്യം. 6 മെമ്പർമാർ അടങ്ങിയതായിരുന്നു ബോർഡ്. മുതിർന്ന ഐ. എ. എസ് കാരായിരുന്നു മെമ്പർമാർ. ലാൻഡ് റവന്യൂ, ഗതാഗതം, രജിസ്ട്രേഷൻ, ലോട്ടറി, സർവേ, എക്സൈസ്, സിവിൽ സപ്ലൈസ് എന്നിങ്ങനെയുള്ള വകുപ്പുകളുടെ administrative head ബോർഡ് ഓഫ് റവന്യൂ ആയിരുന്നു. വകുപ്പുകളുടെ കോ-ഓർഡിനേഷൻ നടത്തി സർക്കാരിനും ജില്ല ഭരണകൂടത്തിനുമിടയിൽ പ്രധാനപ്പെട്ട പല കർത്തവ്യങ്ങളും ബോർഡ് ഓഫ് റവന്യൂ നിർവഹിച്ചിരുന്നു. എന്നാൽ ബോർഡ് ഓഫ് റവന്യൂവിന്റെ പ്രവർത്തനം കൊണ്ട് കാര്യമായ നേട്ടം ഇല്ല എന്ന് പിന്നീട് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ **Kerala Board of Revenue Abolition Act,1996** എന്ന നിയമപ്രകാരം ബോർഡ് ഓഫ് റവന്യൂ നിർത്തലാക്കുകയും ബോർഡിനു പകരം കമ്മീഷണർമാരെ നിയോഗിക്കുകയും ചെയ്തു.